# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം: 1456 — 22.03.2013 -ൽ മറുപടി നൽകേണ്ടത്

### തിരുവനന്തപുരം നഗരസഭയുടെ ടൗൺ പ്ലാനിംഗുമായി ബന്ധപ്പെട്ട മാസ്റ്റർ പ്ലാൻ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് : | | ശ്രീ. മഞ്ഞളാംകുഴി അലി<br>നഗരകാര്യവും ന്യൂനപക്ഷക്ഷേമവും<br>വകുപ്പു മന്ത്രി | |
| (എ) | തിരുവനന്തപുരം നഗരസഭയുടെ ടൗൺ പ്ലാനിംഗുമായി ബന്ധപ്പെട്ട കരട് മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ ; എങ്കിൽ അതിന്റെ ഇപ്പോഴത്തെ അവസ്ഥ വ്യക്തമാക്കുമോ ; പ്രസ്തുത കരടു മാസ്റ്റർപ്ലാനിന്റെ ഫെയർ എപ്പോൾ പ്രസിദ്ധീകരിക്കുമെന്ന് വ്യക്തമാക്കുമോ ; | (എ) | തിരുവനന്തപുരം നഗരസഭയുടെ കരട് മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. ആയത് പ്രസിദ്ധീകരിക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവായിട്ടുണ്ട്. |
| (ബി) | പ്രസ്തുത കരട് മാസ്റ്റർ പ്ലാനിന്റെ പകർപ്പ് ലഭ്യമാക്കുമോ ; | (ബി) | കരട് മാസ്റ്റർ പ്ലാനിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| (സി) | തിരുവനന്തപുരം നഗരസഭയുടെ ഉള്ളൂർ സോണലിൽ റിവൈസ്ഡ് മാസ്റ്റർപ്ലാനിൽപ്പെട്ട എത്ര അപേക്ഷകൾ 2013-ൽ ലഭിച്ചിട്ടുണ്ടെന്നും ഇതിന്മേൽ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ ; | (സി) | തിരുവനന്തപുരം നഗരസഭ ഉള്ളൂർ സോണൽ ഓഫീസിൽ 2013-ൽ റിവൈസ്ഡ് മാസ്റ്റർപ്ലാനിൽപ്പെട്ടതായി പ്രത്യേക അപേക്ഷകളൊന്നും ലഭിച്ചിട്ടില്ല. |
| (ഡി) | റിവൈസ്ഡ് മാസ്റ്റർപ്ലാനിൽപ്പെട്ട പത്തു വർഷങ്ങൾക്കു മുമ്പ് നികത്തിയ പുരയിടങ്ങൾക്ക് ആർ.എ1/4545/2011 നമ്പർ എൽ.എസ്.ജി.ഡി സർക്കുലർ പ്രകാരം നഗരസഭയുടെ ഉള്ളൂർ സോണലിൽ നിന്ന് 2013-ൽ അനുമതി നൽകിയിട്ടുണ്ടോ ; ഇതു സംബന്ധിച്ച് അപേക്ഷ ലഭിച്ചിട്ടുണ്ടോ ; | (ഡി) | നിലംനികത്ത് പുരയിടങ്ങൾക്ക് 4545/ആർ. എ1/2011/തസ്വഭവ നമ്പർ സർക്കുലർ പ്രകാരവും ബന്ധപ്പെട്ട മറ്റു നിയമങ്ങളും പാലിച്ച് 2013 വർഷത്തിൽ നാളിതുവരെ 13 കെട്ടിട നിർമ്മാണ അനുമതികൾ നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഇ) | ആർ.എം.പി. സ്കീമുകളിൽപ്പെട്ട കെട്ടിട നിർമ്മാണ അപേക്ഷകളിൽ പ്രസ്തുത സർക്കുലർ ബാധകമാണോ ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ : | (ഇ) | ബാധകമാണ്. നിലം നികത്ത് ഭൂമിയിലെ കെട്ടിട നിർമ്മാണത്തിന് അനുമതി നൽകുന്നത് 22-01-2011-ലെ 4545/ആർഎ1/11/തസ്വഭവ സർക്കുലർ പ്രകാരമാണ്. |
| (എഫ്) | ആർ.എം.പി. സ്കീമുകളിലുൾപ്പെട്ട പഴയ നിലം നികത്തൽ പുരയിടങ്ങൾക്ക് തിരുവനന്തപുരം നഗരസഭയുടെ കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട നടപടിക്രമം വ്യക്തമാക്കുമോ : | (എഫ്) | ആർ. എം. പി പ്രകാരം നിലമായി ലിസ്റ്റ് ചെയ്തിട്ടുള്ളതും നികത്തപ്പെട്ടതുമായ വസ്തുക്കളിൽ കെട്ടിട നിർമ്മാണാനുവാദത്തിന് ലഭിക്കുന്ന അപേക്ഷകൾ സ്ഥലപരിശോധന നടത്തി ബോദ്ധ്യപ്പെട്ട് സ. ഉ (എം.എസ്) നം. 144/07/തസ്വഭവ തീയതി 31-05-2007 ഉത്തരവ് പ്രകാരം കൺകറൻസിനായി റീജിയണൽ ടൗൺ പ്ലാനർ തിരുവനന്തപുരത്തിന് അയക്കുകയും അവിടെ നിന്നും കൺകറൻസ് ലഭിയ്ക്കുന്ന മുറയ്ക്ക് കൺകറൻസ് വ്യവസ്ഥ പ്രകാരം കേരള തണ്ണീർത്തട സംരക്ഷണ നിയമത്തിന്റെ പരിധിയിൽപ്പെടുന്നുണ്ടോയെന്ന് ഉറപ്പാക്കേണ്ടതുണ്ടെങ്കിൽ ആയതിനായുള്ള പ്രാദേശിക നിരീക്ഷണ സമിതി മുമ്പാകെ സമർപ്പിച്ച് ശുപാർശ ലഭ്യമാക്കിയും അല്ലാത്തപക്ഷം 4545/ആർഎ1/11/തസ്വഭവ സർക്കുലർ പ്രകാരം നേരിട്ട് നിർമ്മാണാനുവാദം നൽകുകയുമാണ് ചെയ്യുന്നത്. |
| (ജി) | തിരുവനന്തപുരം നഗരസഭ ആർഎ1/4545/2011/എൽ.എസ്.ജി.ഡി നമ്പർ സർക്കുലറിലെ വ്യവസ്ഥകൾ പാലിക്കുന്നുണ്ടോ : | (ജി) | പാലിക്കുന്നുണ്ട്. |
| (എച്ച്) | കാലാകാലങ്ങളിലുണ്ടാകുന്ന ഉത്തരവുകൾ പാലിക്കപ്പെടുന്നില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇക്കാര്യത്തിൽ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കുമോ ? | (എച്ച്) | സർക്കാരിന്റെ 22-11-2011-ലെ സർക്കുലറിലെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കണമെന്ന് നഗരസഭയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**